പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.* 322 | 10/05/2017-ൽ മറുപടിക്ക്

## കേരളത്തിലെ ഹൃദയ ശസ്ത്രക്രിയ നിരക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. കെ.രാമചന്ദ്രൻ നായർ<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.വി.ജോയി<br>ശ്രീ.കെ.ബാബു | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | കേരളത്തിലെ ഹൃദയ ശസ്ത്രക്രിയ നിരക്ക് രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലുള്ളതിനേക്കാൾ വളരെ ഉയർന്ന തോതിലാണെന്ന വാർത്തയുടെ നിജസ്ഥിതി പരിശോധിച്ചിരുന്നോ; | എ) | കേരളത്തിലെ ഹൃദയ ശസ്ത്രക്രിയ നിരക്ക് ഏകീകൃതമായ രീതിയിൽ അല്ല ഇന്ന് നിലനിൽക്കുന്നത്. അക്യൂട്ട് ഹാർട്ട് അറ്റാക്ക് ഉണ്ടാകുന്ന രോഗികൾക്ക് വേണ്ടിയുള്ള എമർജൻസി ആൻജിയോപ്ലാസ്റ്റി നിരക്ക് കേരളത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറവാണ്. |
| ബി) | ആൻജിയോപ്ലാസ്റ്റി ചികിത്സയിൽ സ്റ്റെന്റിന്റെ വിലയിലും, അത് നിയന്ത്രണ വിധേയമാക്കേണ്ട സാഹചര്യം വന്നപ്പോൾ ചികിത്സാ-നിരക്കിലും അമിത വർദ്ധന വരുത്തി രോഗികളെ ചൂഷണം ചെയ്യുന്നത് നിയന്ത്രിക്കാനായി ചികിത്സാ പാക്കേജ് നിരക്ക് നിശ്ചയിക്കാൻ സാധ്യമാകുമോ; | ബി) | ആൻജിയോപ്ലാസ്റ്റിക്കായി ഉപയോഗിക്കുന്ന സ്റ്റെന്റിന്റെ വിലയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്വകാര്യ ആശുപത്രികളുടെ ചികിത്സാനിരക്കുകളുടെ നിയന്ത്രണവും ഏകീകരണവും ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നടപ്പിലാക്കുന്നതോടെ സാധ്യമാകുന്നതാണ്. |
| സി) | സംസ്ഥാനത്തെ ആൻജിയോപ്ലാസ്റ്റി ചികിത്സയിൽ തൊണ്ണൂറ് ശതമാനവും സ്വകാര്യ മേഖലയിലാണെന്ന സ്ഥിതിക്ക് മാറ്റമുണ്ടാക്കാനായി സർക്കാർ മേഖലയിൽ ഈ രംഗത്ത് സ്പെഷ്യാലിറ്റി ചികിത്സാ സംവിധാനം വർദ്ധിപ്പിക്കാൻ നടപടി കൈക്കൊള്ളുമോ? | സി) | ആൻജിയോപ്ലാസ്റ്റി ചികിത്സ സർക്കാർ മെഡിക്കൽ കോളേജുകളിലും ആരോഗ്യ വകുപ്പിന് കീഴിലുള്ള രണ്ട് ജില്ലാ ആശുപത്രികളിലും ലഭ്യമാണ്. ശ്രീചിത്രതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജിയിലും ആൻജിയോ പ്ലാസ്റ്റി ഉൾപ്പെടെയുള്ള ഹൃദയശസ്ത്രക്രിയ ലഭ്യമാണ്. എന്നാൽ വർദ്ധിച്ചുവരുന്ന ഹൃദ്രോഗികളുടെ എണ്ണത്തിന് ആനുപാതികമായി സർക്കാർ മേഖലയിൽ ആൻജിയോപ്ലാസ്റ്റി ചികിത്സാ സൗകര്യങ്ങളുടെ ദൗർലഭ്യം കണക്കിലെടുത്തുകൊണ്ട് |

| | | | |
|---|---|---|---|
| | | | സംസ്ഥാന ആരോഗ്യവകുപ്പ് കൂടുതൽ സ്ഥാപനങ്ങളിൽ കാത്ത് ലാബുകൾ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആർദ്രം പദ്ധതി നിലവിൽ വരുന്നതോടെ കൂടുതൽ ആശുപത്രികളിൽ സ്പെഷ്യാലിറ്റി സേവനങ്ങൾ ഉറപ്പുവരുത്താൻ സാധിയ്ക്കുന്നതാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിലവിൽ ഉള്ളതിനു പുറമേ രണ്ടാമതൊരു കാത്ത് ലാബ് സ്ഥാപിച്ചിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ രണ്ടാമതൊരു കാത്ത് ലാബ് സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു. എറണാകുളം, പാരിപ്പള്ളി എന്നീ മെഡിക്കൽ കോളേജുകളിൽ ഈ വർഷം തന്നെ കാത്ത് ലാബ് തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ പുതിയ കാത്ത് ലാബ് ആരംഭിച്ചിട്ടുണ്ട്. എറണാകുളം മെഡിക്കൽ കോളേജിൽ കാർഡിയോളജി വിഭാഗത്തിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ